**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2090** **06.10.2016 -ൽ മറുപടിക്ക്**

**ഇരിണാവ് പാലം നിർമ്മാണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 04-03-2016 ന് 1645 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഇരിണാവ് പാലം നിർമ്മാണത്തിന് അടിയന്തരമായി സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) കല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസലിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു.<br><br>സ്വകാര്യ വ്യക്തികളിൽ നിന്ന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 42,38,517/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഭൂവുടമകളിൽ നിന്ന് നേരിട്ട് ആധാരം രജിസ്റ്റർ ചെയ്ത് വാങ്ങുന്നതിന് അനുമതി ലഭിക്കുന്നതിന് ആവശ്യമായ കത്ത് എത്രയും വേഗം സമർപ്പിക്കുന്നതിന് കണ്ണൂർ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്വകാര്യ വ്യക്തികളുടെ ഭൂമിയ്ക്ക് പുറമേ ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള ഭൂമി കൂടി ആവശ്യമായി വരുന്നുണ്ട്. ഭൂമി വിട്ടുതരുന്നത് സംബന്ധിച്ച വിഷയം ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവുമായി കൂടിയാലോചിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**